A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

812

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 - 17

## മലയാളം - II

## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ്: VIII

സമയം: 1½ മണിക്കൂർ
സ്കോർ: 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. 'ആപത്തിൽ ഉപകരിക്കുന്നവനാണ് ചങ്ങാതി'. ഈ വിശേഷണം 'തേൻകനി' എന്ന നാടകത്തിലെ ഏത് കഥാപാത്രത്തിനാണ് കൂടുതൽ യോജിക്കുന്നത്?
   - വനഗായകൻ
   - ഭദ്രൻ
   - രാമൻ
   - ഉമ്മാക്കി (1)

2. - "ചെറുതല്ലേ എന്നുവെച്ച്
     വേനൽ അതിനെ പച്ചയ്ക്കു തിന്നുകളയും" (1)

   ഈ വരികൾ നമ്മെ ഓർമപ്പെടുത്തുന്നതെന്ത്? വ്യക്തമാക്കുക. (ഒരു വാക്യം)

3. വലയത്തിൽ നിന്ന് ശരിയുത്തരം കണ്ടെത്തി പട്ടിക പൂർത്തിയാക്കുക. (4)

   (ധനത്തോടുള്ള അത്യാർത്തി, അംബികാസുതൻ മാങ്ങാട്, അധ്വാനത്തിന്റെ മഹത്വം, കുഞ്ചൻ നമ്പ്യാർ, വയലാവാസുദേവൻ പിള്ള, പ്രകൃതി നശീകരണം, വീരാൻ കുട്ടി, ദുർബലരെ സഹായിക്കൽ)

| രചയിതാവ് | രചന | പ്രമേയം |
|---|---|---|
| .................... | ധ്രുവചരിതം | .................... |
| .................... | രണ്ട് മൽസ്യങ്ങൾ | .................... |
| .................... | അതിജീവനം | .................... |
| .................... | തേൻകനി | .................... |

4. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമായി എഴുതുക.

   അയാളുടെ കിടക്കപ്പായയിൽ അന്ന് വെയിൽ കയറി. ആ പരവശൻ ഉണർന്നു. (2)

5. മാതൃകപോലെ പദങ്ങൾ പിരിച്ചെഴുതുക. (2)

   മാതൃക: പച്ചത്തത്ത = പച്ച, തത്ത

   മഴപ്പെയ്ത്ത് = ....................................

   തിരുവോണം = ....................................

6. "ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാല്" *(രണ്ടു മത്സ്യങ്ങൾ)*

വരികളിലെ സാദൃശ്യകൽപ്പനയുടെ ഭംഗി വ്യക്തമാക്കുക. (2)

7. വനഗായകൻ : "വേല ചെയ്യണം ... വിയർക്കണം
ഞാൻ ജോലി ചെയ്തിട്ടു നിങ്ങൾക്കു ഫലം പറ്റണം!
ഞാ... വിദ്യമനസ്സിലിരിക്കട്ടെ"
"ഇനി മാമ്പഴം
ഇതുതേൻ കനി
വിയർപ്പിൻ കനി" *(തേൻകനി)*

'അധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നാടകമാണ് തേൻകനി'.

നാടക സന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക. (4)

8. "പട്ടു കിട്ടുമ്പൊഴും സന്തോഷമില്ലവ-
നൊട്ടു പണം കൂടെ മുമ്പേ നിനയ്ക്കയാൽ
വീരവാളിപ്പട്ടു കിട്ടിയെന്നാകിലും
പോരാ തരിവള കിട്ടുവാനാഗ്രഹം"

*(ധ്രുവചരിതം - കുഞ്ചൻനമ്പ്യാർ)*

"അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരുകാലം
പത്തുകിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും"

*(ജ്ഞാനപ്പാന - പൂന്താനം)*

സമൂഹത്തിന്റെ ഏത് മനോഭാവമാണ് ഈ കാവ്യഭാഗങ്ങളിൽ വിമർശനവിധേയമാകുന്നത്? താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക. (4)

9. തേൻകനി എന്ന ശീർഷകം ഈ നാടകത്തിന് എത്രമാത്രം ഉചിതമാണ്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. (4)

10. "നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു മാനുഷർ"

*(കുഞ്ചൻനമ്പ്യാർ)*

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്കനീ"

*(എഴുത്തച്ഛൻ)*

(ഭോഗം - സുഖം, ക്ഷണപ്രഭാചഞ്ചലം - ഇടിമിന്നൽ പോലെ ക്ഷണികം)

രണ്ട് കാവ്യഭാഗങ്ങളിലെയും ജീവിതവീക്ഷണത്തിന്റെ സമകാലികപ്രസക്തി വിലയിരുത്തി കുറിപ്പ് തയാറാക്കുക. (4)

11. ദുരമൂത്തു നമ്മൾക്ക്, പുഴകറുത്തു
ചതിമൂത്തു നമ്മൾക്ക്, മലവെളുത്തു
തിര മുത്തമിട്ടൊരു കരിമണൽ തീരത്ത്-
വരയിട്ടു നമ്മൾ പൊതിഞ്ഞെടുത്തു
പകയുണ്ട് ഭൂമിയ്ക്ക്, പുഴകൾക്ക്, മലകൾക്ക്-
പുകതിന്ന പകലിനും ദ്വേഷമുണ്ട്

*(പക - മുരുകൻ കാട്ടാക്കട)*

രണ്ടു മൽസ്യങ്ങൾ എന്ന കഥയിലെയും കവിതാഭാഗത്തിലെയും ആശയങ്ങൾ ഉൾപ്പെടുത്തി 'പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.(6)

12. 'രണ്ടു മൽസ്യങ്ങൾ' എന്ന കഥയിലെ തവളയും 'തേൻകനി' എന്ന നാടകത്തിലെ വനഗായകനും സമൂഹനന്മയ്ക്കുവേണ്ടി നിലകൊള്ളുന്ന കഥാപാത്രങ്ങളാണ്. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? രചനകളിൽനിന്നു തെളിവുകൾ കണ്ടെത്തി ലഘൂപന്യാസം തയാറാക്കുക. (6)